**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 324** **23-07-2021 - ൽ മറുപടിയ്ക്ക്**

**ആദിവാസി കോളനിയിലേക്ക് നടപ്പാലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി.അൻവർ** | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | മലപ്പുറം ജില്ലയിലെ പോത്തുകല്ല് ഗ്രാമപഞ്ചായത്തിലെ ഇരുട്ടുകുത്തിക്കടവിൽ ആദിവാസി കോളനികളിലേക്ക് എത്തിച്ചേരുന്നതിനായി നിർമ്മിച്ചിരുന്ന നടപ്പാലം 2019-ലെ പ്രളയത്തിൽ ഒലിച്ചുപോയ വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | നടപ്പാലം ഇല്ലാത്തതിനാൽ ഉൾവനത്തിനുള്ളിലെ മൂന്ന് ആദിവാസി കോളനികളിലെ 60 കുടുംബങ്ങൾ ഒറ്റപ്പെട്ടതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | നടപ്പാലം തകർന്നതിനാൽ ഈ പ്രദേശത്തെ ഇരുട്ട്കുത്തി, കുമ്പളപ്പാറ, തരിപ്പപ്പൊട്ടി, വാണിയംപ്പുഴ എന്നീ 4 പട്ടികവർഗ കോളനികളിലേയ്ക്ക് പാലം നിർമ്മിക്കുന്ന പദ്ധതി വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്നതിനായി എസ്റ്റിമേറ്റ് പുതുക്കി നൽകുന്നതിന് നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | ഇരുട്ടുകുത്തിക്കടവിൽ ഒരു കോടി 20 ലക്ഷം രൂപ ചെലവഴിച്ച് ഇരുമ്പു തൂക്കുപാലം നിർമ്മിക്കുന്നതിന് പട്ടികവർഗ വകുപ്പിൽ നിന്നും ഫണ്ട് അനുവദിക്കാനാകുമോ എന്ന് അറിയിക്കാമോ; | (സി) | തൂക്കുപാലം ശാശ്വത പരിഹാരമല്ല എന്നതിനാൽ ഇരുട്ട് കുത്തി, കുമ്പളപ്പാറ, തരിപ്പപ്പൊട്ടി, വാണിയംപ്പുഴ എന്നീ 4 പട്ടികവർഗ്ഗ കോളനികളിലേയ്ക്ക് പാലം നിർമ്മിക്കുന്നതിന് വേണ്ടി എസ്റ്റിമേറ്റ് പുതുക്കി നൽകുന്നതിന് നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ഡി) | ഇരുട്ടുകുത്തിക്കടവിൽ തൂക്കുപാലം നിർമ്മിക്കണമെന്നഭ്യർത്ഥിച്ച് എം.എൽ.എ. നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഡി) | തൂക്കുപാലം ശാശ്വത പരിഹാരമല്ല എന്നതിനാൽ ഇരുട്ട് കുത്തി, കുമ്പളപ്പാറ, തരിപ്പപ്പൊട്ടി, വാണിയംപ്പുഴ എന്നീ 4 പട്ടികവർഗ്ഗ കോളനികളിലേയ്ക്ക് പാലം നിർമ്മിക്കുന്നതിന് വേണ്ടി എസ്റ്റിമേറ്റ് പുതുക്കി നൽകുന്നതിന് നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ